"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- കണ്ണൂർ, മാലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിനു സമീപത്തെ ഉപയോഗ ശൂന്യമായി കിടന്നിരുന്ന കിണറ്റിൽ വീണ് ഗുരുതരമായി പരുക്കേറ്റ് ചികിൽസയിൽ കഴിയവേ മരണപ്പെട്ട മാസ്റ്റർ ആദർശിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധന സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(കൈ) നം.130/2024/GEDN തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:- 1. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 18.05.2020 ലെ സി.ആർ.എം.പി നം10413/13/എൽ.എ2/2018/KeSCPCR നമ്പർ ഉത്തരവ്.

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 17.04.2024 തീയതിയായി ലഭ്യമാക്കിയ എം4/4197/2024/ഡി.ജി.ഇ നമ്പർ കത്ത്.

3 കണ്ണൂർ ജില്ലാ കളക്ടറുടെ 25.06.2024 തീയതിയിലെ DCKNR/7660/2024-M2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കണ്ണൂർ, മാലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ പി.ഇ.ടി പിരീഡിൽ ഫുട്ബോൾ കളിക്കിടയിൽ സ്കൂൾ മൈതാനത്തിനു സമീപത്തെ ഉപയോഗ ശൂന്യമായി കിടന്നിരുന്ന കിണറ്റിൽ വീണ് ഗുരുതരമായി പരുക്കേറ്റ് ചികിൽസയിൽ കഴിയവേ മരണപ്പെട്ട മാസ്റ്റർ ആദർശിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ സർക്കാർ അടിയന്തിരമായി അനുവദിച്ചു നൽകുവാൻ പരാമർശം (1) പ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ

കാര്യാലയത്തിൽ നിന്നും നോൺ-പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 50,000/രൂപ ഡെത്ത് ക്ലെമായി വിദ്യാർത്ഥിയുടെ രക്ഷിതാവിന് നൽകിയിട്ടുള്ളതായും, 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള പ്രത്യേക പ്ലാൻ/നോൺ പ്ലാൻ ഫണ്ട് നീക്കിവച്ചിട്ടില്ലാത്തതിനാൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. കുട്ടിയുടെ പിതാവ് ഒരു കെട്ടിട നിർമ്മാണ തൊഴിലാളിയാണെന്നും കുടുംബ വാർഷിക വരുമാനം 48000/-രൂപ മാത്രമാണെന്നും സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന കുടുംബമാണെന്നും അന്വേഷണത്തിൽ അറിവായിട്ടുള്ളതായി കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, മാലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ പി.ഇ.ടി പിരീഡിൽ ഫുട് ബോൾ കളിക്കിടയിൽ സ്കൂൾ മൈതാനത്തിനു സമീപത്തെ ഉപയോഗ ശൂന്യമായി കിടന്നിരുന്ന കിണറ്റിൽ വീണ് ഗുരുതരമായി പരുക്കേറ്റ് ചികിൽസയിൽ കഴിയവേ മരണപ്പെട്ട മാസ്റ്റർ ആദർശിന്റെ കുടുംബത്തിന് 10,00,000/- രൂപ (പത്തു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധന സഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

1.പൊതു വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
2.കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ,വാൻറോസ് ജംഗ്ഷൻ,തിരുവനന്തപുരം
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
4.പൊതു ഭരണ (എസ്.സി) വകുപ്പ് (ഇനം, 2461 16.10.2024 പ്രകാരം)
5.റവന്യൂ (ഡി.ആർ.എഫ് - സി) വകുപ്പ്
6.ധനകാര്യ വകുപ്പ്
7.ഇൻഫർ മേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി)
8.കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Savitha S
സെക്ഷൻ ഓഫീസർ
Date: 19-10-2024 14:08:17